# പതിനാലാം കേരള നിയമസഭ

## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4969 27/10/2016-ൽ മറുപടിയ്ക്ക്**

**ശുചിത്വ മിഷന്റെ സഹായത്തോടെ മത്സ്യബന്ധന ഗ്രാമങ്ങളിൽ നടപ്പാക്കുന്ന സൗകര്യങ്ങൾ**

| | ചോദ്യം<br>ശ്രീ.പി.സി. ജോർജ്ജ് | | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|---|
| എ) | കേരളത്തിലെ എല്ലാ മത്സ്യബന്ധന ഗ്രാമങ്ങളിലും,ശുചിത്വ മിഷന്റെ സഹായത്തോടെ ശുദ്ധജലം, ശുചിത്വമുള്ള കക്കൂസ്, മാലിന്യ സംസ്കരണ സംവിധാനം എന്നീ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായി, ഈ പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ; | എ) യും ബി) യും | കേരള തീരത്തെ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളവും സുരക്ഷിതമായ ടോയ് ലറ്റുകളും തീരത്തിലാകെ ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനങ്ങളും മികച്ച ശുചിത്വബോധവും ശീലങ്ങളും പ്രദാനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ കേരളത്തിലെ എല്ലാ മത്സ്യഗ്രാമങ്ങളിലും ശുചിത്വതീരം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ശുചിത്വമിഷന്റെയും സഹകരണത്തോടും പങ്കാളിത്തതോടെയുമാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം എന്ന നിലയ്ക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ച് ചർച്ച നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തീരദേശം മാലിന്യമുക്തമാക്കേണ്ട ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണ പരിപാടികളും പ്രചാരണ പരിപാടികളും നടത്തി വരുന്നു. സ്വയം സഹായ സംഘങ്ങളുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹകരണത്തോടെ തീരപ്രദേശത്ത് സർവ്വേ നടപടികൾ ആരംഭിക്കുകയും എല്ലാ മത്സ്യത്തൊഴിലാളി ഭവനങ്ങളിലും ടോയ് ലറ്റ് സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| ബി) | ഇല്ലെങ്കിൽ എന്തൊക്കെ നടപടികൾ അടിയന്തരമായി സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ആഫീസർ